**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2337 — 07.02.2019 -ലെ മറുപടിയ്ക്ക്.

**വെണ്ടർ നാൾവഴി ബുക്കിനുള്ള ജി.എസ്.ടി.**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറുംവകുപ്പ് മന്ത്രി) |
|---|---|
| (എ) ട്രഷറികളിൽ നിന്നും വിൽപ്പന നടത്തുന്ന വെണ്ടർ നാൾവഴി ബുക്കിന് ജി.എസ്.ടി ഒടുക്കാനുള്ള നിർദ്ദേശം നൽകിയിരിക്കുന്നതിനാൽ വെണ്ടർമാർക്ക് മുദ്രപ്പത്രം വിതരണം ചെയ്യാൻ സാധിക്കാതെ വന്നിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെണ്ടർ നാൾവഴി രജിസ്റ്ററിന്റെ പ്രിന്റിംഗ് ചാർജിനത്തിലുള്ള ജി.എസ്.ടി ഇനത്തിൽ ഒടുക്കേണ്ട തുക ട്രഷറികളിൽ നേരിട്ട് സ്വീകരിക്കുവാൻ സാധിക്കാത്തതിനാലാണ് മുദ്രപ്പത്രം വിതരണം ചെയ്യാൻ സാധിക്കാതെ വന്നിരിക്കുന്നത്. ജി.എസ്.ടി.എൻ പോർട്ടൽ മുഖേന ജി.എസ്.ടി ഒടുക്കിയ ചെലാൻ ഹാജരാക്കുന്ന വെണ്ടർമാർക്ക് നാൾവഴി രജിസ്റ്റർ താമസംവിനാ ലഭ്യമാക്കുന്നുണ്ട് |
| (ബി) ജി.എസ്.ടി ട്രഷറിയിൽ സ്വീകരിക്കാനോ ജി.എസ്.ടി വകുപ്പിൽ ഓൺലൈനായി സ്വീകരിക്കാനോ ഉള്ള സൗകര്യം ഏർപ്പെടുത്തി ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ബി) ജി.എസ്.ടി.എൻ രജിസ്ട്രേഷൻ എടുക്കുന്നതിനും, ജി.എസ്.ടി.എൻ പോർട്ടൽ മുഖേന ഫണ്ട് ട്രാൻസ്ഫർ ചെയ്യുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ട്രഷറി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**